**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1588** **01-07-2026-ൽ മറുപടിയ്ക്ക്**

**<u>ശൈലി ആപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് നടത്തിയ സ്ക്രീനിംഗ്</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. രാജൻ

ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** ആരോഗ്യ വകുപ്പ് നടപ്പാക്കുന്ന ശൈലി ആപ്പ് പദ്ധതിയുടെ ഭാഗമായി തൃശ്ശൂർ ജില്ലയിൽ എത്ര പേർക്ക് സ്ക്രീനിംഗ് നടത്തിയിട്ടുണ്ടെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** ജീവിതശൈലീ രോഗങ്ങളുടെ ഹേതുക്കൾ കണ്ടെത്തുന്നതിനുള്ള വാർഷിക ആരോഗ്യ സർവ്വേയുടെ മൂന്നാംഘട്ടം 2026 ജനവരി മുതൽ ആരംഭിക്കുകയുണ്ടായി. തൃശ്ശൂർ ജില്ലയിൽ ജൂൺ 2026 വരെ 2,10,628 പേരെ ശൈലി ആപ്ലിക്കേഷനിലൂടെ സർവ്വേ നടത്തുകയുണ്ടായി.

**(ബി)** സ്ക്രീനിംഗ് നടത്തിയവരിൽ അർബുദം, പ്രമേഹം, ഹൃദ്രോഗം എന്നിവക്ക് സാധ്യതയുള്ളവരായി കണ്ടെത്തിയവർക്ക് വേണ്ടി നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

**<u>മറുപടി:</u>** സർവ്വേയുടെ മൂന്നാംഘട്ടത്തിൽ തൃശ്ശൂർ ജില്ലയിൽ 18,363 പേർക്ക് പ്രമേഹവും, 4,619 പേർക്ക് ഹൃദ്രോഗ സാധ്യതയും, 2,977 പേർക്ക് അർബുദ സാധ്യതയും കണ്ടെത്തുകയുണ്ടായി. രോഗ സാധ്യത കണ്ടെത്തുന്ന വ്യക്തികളെ രോഗ സ്ഥിരീകരണത്തിനായി ഏറ്റവും അടുത്തുള്ള ജനകീയ ആരോഗ്യ കേന്ദ്രങ്ങളിലേക്കോ, കുടുംബാരോഗ്യ കേന്ദ്രങ്ങളിലേക്കോ റെഫർ ചെയ്തുവരുന്നു. രോഗ സ്ഥിരീകരണം നടത്തിയവർക്കായി പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ മരുന്നും, ചികിത്സയും സൗജന്യമായി നൽകി വരുന്നു. രോഗ ലക്ഷണങ്ങൾ മാത്രമുള്ളവർക്ക് ജീവിതശൈലിയിൽ വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ചുള്ള അവബോധം നൽകി തുടർ പരിശോധനകൾക്കായി അയക്കുന്നു. ഹൃദ്രോഗം, കാൻസർ തുടങ്ങിയ രോഗങ്ങൾ കണ്ടെത്തിയവർ രോഗ സ്ഥിരീകരണം നടത്തിയ ശേഷം വിദഗ്ധ ചികിത്സക്കായി മെഡിക്കൽ കോളേജുകളിലേക്കോ, കാൻസർ സെന്ററുകളിലേക്കോ റെഫർ ചെയ്തു വരുന്നു.

**സെക്ഷൻ ഓഫീസർ**